LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ നിയമനം

176 (4216) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷി ഓഫീസുകൾ ഉണ്ട് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാരുടെ അഭാവത്തിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് ലഭിക്കേണ്ട സഹായങ്ങൾ ലഭിക്കാനാവാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയോജകമണ്ഡലത്തിലെ എല്ലാ കൃഷി ഓഫീസുകളിലും അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 10 കൃഷിഭവനുകളാണുള്ളത്. ഇവയിൽ ഉടുമ്പൻചോല കൃഷിഭവനിലും നെടുങ്കണ്ടം കൃഷിഭവനിലും കൃഷി ഓഫീസറുടെ ഒഴിവുണ്ട്. പ്രസ്തുത കൃഷി ഭവനുകളുടെ ചുമതല രാജാക്കാട് കൃഷി ഓഫീസർക്ക് നൽകിയിരിക്കുകയാണ്.

(ബി) ഇപ്രകാരം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൃഷി ഓഫീസർ നിലവിലില്ലാത്ത കൃഷി ഭവനുകളിൽ മറ്റ് കൃഷി ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. പി.എസ്.സി.-യിൽ കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൃഷിക്കാരുടെ ഉന്നമനത്തിനായി പദ്ധതികൾ

177 (4217) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിവരിക്കുമോ ;

(ബി) കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി വികസനത്തിനുമായി കൃഷി വകുപ്പിൽനിന്നും പുതിയ വായ്പാപദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ ; വിവരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ കാർഷിക പദ്ധതികളെല്ലാംതന്നെ കൃഷിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കിയിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കൃഷി വകുപ്പ് മുഖേന വായ്പാ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കൃഷി ചെയ്ത വിസ്തീർണ്ണമനുസരിച്ചോ ഉല്പാദന ഉപാധികൾക്കോ പദ്ധതി നിബന്ധനകളനുസരിച്ചുള്ള ധനസഹായം (സബ്സിഡി) ആണ് കൃഷി വകുപ്പ് മുഖേന നൽകിവരുന്നത്.

കർഷകർക്ക് ഇ-പേമെന്റ് വഴി ആനുകൂല്യങ്ങൾ

178 (4218) ശ്രീ. പാലോട് രവി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ-പേയ്മെന്റ്വഴി നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകരുടെയും അവരുടെ കൃഷിയെക്കുറിച്ചും സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുക, ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, പദ്ധതി ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അവരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുക, തുടങ്ങിയവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly